**No. CEE/4600/2019/KEAM-2020/TA4**

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## KEAM-2020

**ബി.ഫാം കോഴ്സിലേയ്ക്കുള്ള പ്രവേശനം–2020**

**പുതുതായി ഉൾപ്പെടുത്തിയ സ്വാശ്രയ കോളേജുകളിലേയ്ക്ക് ഓൺലൈൻ ഓപ്ഷൻ നൽകാൻ അവസരം**

ബഹു. ഹൈക്കോടതിയുടെ 08.03.2021 തീയതിയിലെ Z/W.P.(C)/5605/2021 നമ്പർ ഇടക്കാല ഉത്തരവ് പ്രകാരം പുതുതായി അഫിലിയേഷൻ ലഭിച്ച താഴെ പറയുന്ന മൂന്ന് സ്വാശ്രയ ഫാർമസി കോളേജുകളിലെ സർക്കാർ സീറ്റുകളിലേക്ക് താത്പര്യമുള്ള വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിന് നടപടി സ്വീകരിക്കാൻ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ഇതു പ്രകാരം പ്രസ്തുത സ്വാശ്രയ ഫാർമസി കോളേജുകളിലെ സർക്കാർ സീറ്റുകളിലേക്ക് പ്രവേശനം നേടുന്നതിന് പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച ഫാർമസി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് 09.03.2021 മുതൽ 10.03.2021 ഉച്ചയ്ക്ക് 2.00 മണി വരെ ഓൺലൈനായി ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്. എന്നാൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് പ്രകാരം നിലവിൽ ഏതെങ്കിലും കോഴ്സിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് ഓൺലൈൻ ഓപ്ഷൻ നൽകാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

**പുതുതായി അഫിലിയേഷൻ ലഭിച്ച സ്വാശ്രയ കോളേജുകൾ**

| Sl No | Name of the College | Total Govt. Seats |
|---|---|---|
| 1 | Cochin College of Engineering & Technology, Valanchery | 30 |
| 2 | Holy Queen college of Pharmaceutical Sciences & Research, Puthuruthy, Wadakkanchery | 30 |
| 3 | Kerala Academy of Pharmacy, Kandala, Thiruvananthapuram | 50 |

മേൽ കോളേജുകളിലെ സർക്കാർ സീറ്റുകളിലേക്ക് ഓൺലൈൻ ഓപ്ഷൻ നൽകാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ അവരുടെ ഹോം പേജിൽ പ്രവേശിച്ച് 'B.Pharm Option Registration' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് **09.03.2021** മുതൽ **10.03.2021** ഉച്ചയ്ക്ക് **2.00** മണി വരെ ഓൺലൈനായി ഓപ്ഷൻ രജിസ്റ്റർ ചെയ്യാവുന്നതാണ്. **10.03.2021** ഉച്ചയ്ക്ക് **2.00** മണി വരെ ലഭിക്കുന്ന ഓപ്ഷനുകളുടെയും വിദ്യാർത്ഥികളുടെ റാങ്കിന്റെയും അടിസ്ഥാനത്തിൽ **10.03.2021** ന് വൈകുന്നേരം അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെന്റ് ലിസ്ററിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾ **15.03.2021**വൈകുന്നേരം **5.00** മണിയ്ക്കകം അസ്സൽ രേഖകൾ സഹിതം അതാത് കോളേജുകളിൽ ഹാജരായി മുഴുവൻ ഫീസും അടച്ച് പ്രവേശനം നേടേണ്ടതാണ്.

ഹെൽപ്പ് ലൈൻ നമ്പർ: 0471 2525300

തിരുവനന്തപുരം
08.03.2021

പ്രവേശന പരീക്ഷാ കമ്മീഷണർ